[Mr. Albert Lopez.]

തേയും ഭവനം ഉണ്ടാക്കുന്നതിനുള്ള സ്ഥലസൌകര്യം ഇല്ലായ്മയും വിഷമിക്കുന്ന വസ്തുത ബഹുമാനപ്പെട്ട ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ അതിനുള്ള പരിഹാരമാർഗ്ഗങ്ങളെപ്പറ്റി ഗവണ്മെൻറ് ആലോചിക്കുന്നുണ്ടോ?

HON'BLE Mr. K. M. KORAH : തെക്കൻതിരുവിതാംകൂറ് ലെ തീരപ്രദേശങ്ങളിൽ അധിവസിക്കുന്ന മൽസ്യത്തൊഴിലാളികൾക്ക് താമസിക്കുന്നതിനു ഭവനം ഇല്ലാതെയും ഭവനം ഉണ്ടാക്കുന്നതിനുള്ള സ്ഥലസൌകര്യം ഇല്ലാതെയും പ്രയാസമനുഭവിക്കുന്ന വസ്തുത ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. അതിനുള്ള പരിഹാരമാർഗ്ഗങ്ങളെപ്പറ്റി ആലോചിക്കുന്നുണ്ട്. അവർക്ക് ഏതെങ്കിലും രണ്ടുമൂന്നു തീരപ്രദേശങ്ങളിൽ പറ്റുംപോലെയായ വിധത്തിൽ മാതൃകാപരമായി ഭവനങ്ങൾ നിർമ്മിച്ചുകൊടുക്കുന്നതിനു ശ്രമിക്കാം.

MR. P. KUNJUKRISHNAN (*Quilon II—General*) : കൊല്ലം കരുനാഗപ്പള്ളി എന്നീ സ്ഥലങ്ങളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികൾക്കും താമസസൌകര്യം ഇപ്രകാരമുള്ള വിവരം അറിയാമോ?

HON'BLE MR. K. M. KORAH : അവിടെയും ഈ അസൌകര്യം ഉണ്ടെന്നറിയാം. അതു് പരിഹരിക്കാൻ ശ്രമിക്കുന്നുണ്ട്.

MR. PONNARA G. SRIDHAR : തിരുവിതാംകൂർ മുട്ടാകെത്തന്നെ ഈ ബുദ്ധിമുട്ടുകൾ ഉണ്ടെന്നറിയാമോ?

HON'BLE MR. K. M. KORAH : പക്ഷെ അതു് മത്സ്യത്തൊഴിലാളികൾക്കാണ് ക്ലേശമനുഭവപ്പെടുന്നതു്.

ബാലന്മാർക്കുള്ള സ്കൂളുകളിൽ ബാലികമാരെ ചേർക്കുന്നതിനെ സംബന്ധിച്ചു്.

554. MR. RAPHAL J. RODRIGUEZ (*Quilon IV—Latin Catholic Reserved*) : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ബാലന്മാർക്കുള്ള സ്കൂളുകളിൽ ഫോർത്തുഫാറംമുതൽ മേലോട്ടുള്ള ക്ലാസുകളിൽ ബാലികമാരെ ചേർക്കുന്നതിൽ തത്പരരായി വിസമ്മതമുള്ള പ്രൈവറ്റുസ്കൂൾ ഉടമസ്ഥന്മാർ ഉണ്ടെന്നുള്ളതു് ഗവണ്മെൻറിനറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

(ബി) ക്രനമ്മാവു് സെൻറു് ഫിലോമിനാസു് ഇംഗ്ലീഷ് ഹൈ സ്കൂളിൽ മാനേജുമെൻറംഗീകരിച്ചിരിക്കുന്ന തത്വത്തിനു വിരുദ്ധമായി പെൺകുട്ടികളെ ചേർത്തു പഠിപ്പിക്കണമെന്നു് വിദ്യാഭ്യാസഡയറക്ടർ ഉത്തരവു നൽകിയതായി ഗവണ്മെൻറിനറിയാമോ?

HON'BLE MR. T. M. VARGHESE : (എ) ബാലികമാരെയും ചേർത്തു പഠിപ്പിക്കുന്നുണ്ടു്.

(ബി) ബാലികമാരെ അവിടെ പഠിപ്പിക്കുന്നതിനെ സംബന്ധിച്ചു് ക്രനമ്മാവു് സെൻറു് ഫിലോമിനാസു് ഇംഗ്ലീഷ് ഹൈ സ്കൂളിലെ മാനേജർ ആക്ഷേപം പുറപ്പെടുവിക്കുകയും പരാതിപ്പെടുകയും ചെയ്തിട്ടുണ്ടു്.

MR. RAPHAEL J. RODRIGUEZ : ബാലന്മാരെ പഠിപ്പിക്കുന്ന ഹൈസ്കൂളിൽ ബാലികമാരെയും ചേർത്തു് പഠിപ്പിക്കരുതെന്ന തത്വം അംഗീകരിച്ചിട്ടുണ്ടോ?

HON'BLE MR. T. M. VARGHESE : ബാലന്മാരോടു ചേർത്തു് ബാലികമാരേ പഠിപ്പിക്കാൻ പാടില്ല എന്ന തത്വം ഗവണ്മെൻറംഗീകരിച്ചിട്ടില്ല. ഇങ്ങനെയുള്ള ഒരു പരാതി ക്രനമ്മാവിലെ ഈ സ്കൂളിൽനിന്നല്ലാതെ മറെവിടെയുംനിന്നും വന്നിട്ടില്ല. അതിനെപ്പറ്റി അല്പം വിശദമായി പറയാം. കഴിഞ്ഞയാണ്ടാരംഭത്തിലാണു് അതായതു് സ്കൂൾവർഷത്തിനു മുൻപാണു് അവിടെ ഫോർത്തുഫാറം വേണമെന്നാവശ്യപ്പെട്ടതും അതനുസരിച്ചു് അനുവദിച്ചതും. അന്നു അതായതു് അവിടെ ഫോർത്തു ഫാറം അനുവദിച്ച സമയത്തു അവിടെ പെൺകുട്ടികളേ ചേർത്തുകൂടെന്നോ മറേറാ ആവശ്യപ്പെടുകയുണ്ടായിട്ടില്ല. അതിൽ പിന്നീടു് കഴിഞ്ഞ മീനത്തിലോ ഇടവത്തിലോ അവിടെ നാലു പെൺകുട്ടികളേ ചേർക്കണമെന്നു് അവരുടെ രക്ഷകർത്താക്കന്മാർ ആവശ്യപ്പെട്ടതനുസരിച്ചു് അതു് അനുവദിക്കുകയും ചെയ്തു.

MR. P. KUNJUKRISHNAN : സഹവിദ്യാഭ്യാസം നിശ്ചിതമായ ഒരു നയമായി ഗവണ്മെൻറു സ്വീകരിച്ചിട്ടുണ്ടോ ?

HON'BLE MR. T. M. VARGHESE : ഉണ്ടു്. അതുകൊണ്ടാണു് ഇത്രയും പറഞ്ഞതു്.

MR. RAPHAEL J. RODRIGUEZ : സഹവിദ്യാഭ്യാസം പാടില്ല എന്ന തത്വം അംഗീകരിച്ചിരിക്കുന്നവർക്കു് ഇങ്ങനെ അനുവാദം നൽകേണ്ടതല്ലേ?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. T. M. VARGHESE : ഇപ്പോൾ ഉള്ള രീതി ഇതാണു്. അതിനു വിപരീതമായി വേണമെങ്കിൽ, അതു് സ്കൂൾ അനുവദിക്കുന്ന സമയത്തു് ആവശ്യപ്പെടണമായിരുന്നു. ആ തത്വം ഇപ്പോൾ കൊണ്ടു വന്നാൽ അതു സ്വീകരിക്കാൻ നിവൃത്തിയില്ല.

പിന്നോക്കസമുദായസംരക്ഷകഡിപ്പാർട്ട്മെൻറുമുഖേന നടത്തിവരുന്ന ജോലികൾ.

555. MR. P. K KRISHNAN SASTRI : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട പിന്നോക്കസമുദായസംരക്ഷകവകുപ്പുമന്ത്രി ദയവു മറുപടി നൽകുമോ?

(എ) പിന്നോക്കസമുദായസംരക്ഷകഡിപ്പാർട്ടുമെൻറു മുഖേന നടത്തിവരാറുള്ള കിണറു്, പൊതുമന്ദിരം, മുതലായവയുടെ ജോലികൾ പിന്നോക്കസമുദായാംഗങ്ങൾ തന്നെയാണു സാധാരണ ചെയ്തുവരുന്നതെന്നുള്ള വിവരം ബഹുമാനപ്പെട്ട ഗവണ്മെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

(ബി) ഫ്രാഞ്ചൈസ്-ൽ പ്രസ്തുത ജോലികൾ ചെയ്തിട്ടുള്ള അളുകൾക്കു യഥാവസരം ബില്ലുകൾ പാസ്സാക്കി കിട്ടാത്തതുകൊണ്ടു വളരെ പ്രയാസങ്ങളും വിഷമങ്ങളും നേരിട്ടിട്ടുണ്ടെന്നുള്ള വിവരം ബഹുമാനപ്പെട്ട ഗവണ്മെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

HON'BLE MR. G. RAMACHANDRAN : (എ) ഉണ്ടു്.

(ബി) ബില്ലുകൾ പാസ്സാക്കി കൊടുക്കുന്നതിൽ ഒഴിച്ചുകൂടാൻ പാടില്ലാത്ത താമസം മാത്രമേ വരുന്നുള്ളൂ.

Alwaye P. W. D. Division.

556. MR. PAUL THALIATH : Will the Honourable Minister for Public Works be pleased to state :

(*a*) whether any complaints have been received about any officers of the Alwaye P. W. D. Division ;

(*b*) if the answer to (*a*) is in the affirmative the names of such officers ;

(*c*) whether any enquiry has been carried out with regard to such petitions ; and

(*d*) if the answer to (*c*) is in the affirmative whether orders have been passed on such enquiries ?

LIBRARY ARCHIVES Kerala Legislative Assembly